ഹദീസ്

ഡോ. കെ. മുഹമ്മദ്, പാണ്ടിക്കാട്
mhdpkd@gmail.com

# ചെയ്യാതെ പോയ കർമങ്ങൾക്കുള്ള പ്രതിഫലം

عَنْ أَبِي مُوسَى - رَضِيَ اللهُ عَنْهُ - قَالَ : قالَ رَسولُ اللهِ صَلَّى اللهُ عَلَيْهِ وَسَلَّمَ : إِذَا مَرِضَ العَبْدُ، أَوْ سَافَرَ، كُتِبَ له مِثْلُ ما كانَ يَعْمَلُ مُقِيمًا صَحِيحًا (رواه البخاري).

**അബൂമൂസ(റ)യിൽനിന്ന്. അല്ലാഹുവിന്റെ റസൂൽ പറഞ്ഞു: 'ഒരു ദൈവദാസൻ രോഗിയാവുകയോ യാത്രക്കാരനാവുകയോ ചെയ്താൽ ആരോഗ്യത്തോടെ, നാട്ടിലായിരിക്കുമ്പോൾ ചെയ്തിരുന്ന പുണ്യങ്ങൾക്കുള്ള അതേ പ്രതിഫലം അവന് രേഖപ്പെടുത്തും' (ബുഖാരി).**

കോവിഡ് 19 എന്ന മഹാമാരി കാരണം വീട്ടിലിരിക്കേണ്ടി വന്ന വിശ്വാസികൾക്ക് ജുമുഅ - ജമാഅത്ത് നമസ്കാരങ്ങൾ നഷ്ടപ്പെട്ടതിലും പതിവായി ചെയ്തുകൊണ്ടിരുന്ന പല പുണ്യകർമങ്ങളും നിർവഹിക്കാനാവാത്തതിലും ഏറെ ദു:ഖവും ആകുലതകളും ഉണ്ടാവും. ഈ സാഹചര്യത്തിൽ വിശ്വാസികളെ വളരെയധികം സമാശ്വസിപ്പിക്കുന്ന ഒരു ഹദീസാണിത്.

യാത്ര, രോഗം തുടങ്ങി ന്യായമായ കാരണങ്ങളാണ് ഒരാളുടെ പുണ്യങ്ങൾക്ക് വിഘാതം നിൽക്കുന്നതെങ്കിൽ അത് അവയുടെ പ്രതിഫലം നഷ്ടപ്പെടുത്തുകയില്ല എന്നാണ് അല്ലാഹുവിന്റെ ദൂതർ വ്യക്തമാക്കുന്നത്.

ഈ ഹദീസിനെ വിശദീകരിച്ച് ഹാഫിള് ഇബ്നു ഹജറുൽ അസ്ഖലാനി 'ഫത്ഹുൽ ബാരി'യിൽ എഴുതി: 'ഒരാൾ പുണ്യങ്ങൾ ചെയ്തുകൊണ്ടിരിക്കെ, ന്യായമായ കാരണങ്ങൾ അതിനെ തടസ്സപ്പെടുത്തുന്നു; ആ തടസ്സങ്ങൾ ഉണ്ടായിരുന്നില്ലെങ്കിൽ താനത് ഉപേക്ഷിക്കുമായിരുന്നില്ല എന്ന ഉദ്ദേശ്യശുദ്ധിയുള്ളവനെ കുറിച്ചാണ് നബി (സ) ഇപ്രകാരം പറഞ്ഞത്.'

അനസ്(റ) നിവേദനം ചെയ്ത മറ്റൊരു ഹദീസിൽ ഇപ്രകാരം കാണാം: 'തബൂക്കിൽനിന്ന് മടങ്ങുമ്പോൾ നബി(സ) പറഞ്ഞു: മദീനയിൽ ഒരു വിഭാഗം ആളുകളുണ്ട്. നാം മലയിടുക്കുകളോ താഴ്‌വരകളോ കടന്നു പോകുന്നില്ല; അവർ നമ്മോടൊപ്പം ഉണ്ടായിട്ടല്ലാതെ. ന്യായമായ കാരണങ്ങളാണ് അവരെ തടസ്സപ്പെടുത്തിയത്' (ബുഖാരി).

പ്രതിബന്ധങ്ങൾ കാരണം യുദ്ധത്തിന് പുറപ്പെടാനാവാത്തവർക്ക് അല്ലാഹുവിന്റെ മാർഗത്തിൽ പോരാടിയവരുടെ അതേ പ്രതിഫലം ലഭിക്കുമെന്നാണ് തിരുമേനിയുടെ ഈ വചനം വ്യക്തമാക്കുന്നത്.

അതേ, അല്ലാഹു എപ്പോഴും നോക്കുക വിശ്വാസികളുടെ ഹൃദയത്തിലേക്കാണ്. അല്ലാഹുവിനോടുള്ള സ്നേഹവും ഭക്തിയും നിറഞ്ഞുനിൽക്കുന്ന മനസ്സാണ് അവന് വേണ്ടത്. ബലിയറുക്കുന്ന വിഷയത്തിൽ വിശുദ്ധ ഖുർആൻ ഇക്കാര്യം വ്യക്തമാക്കിയത് ഇപ്രകാരമാണ്: 'അവയുടെ മാംസമോ രക്തമോ അല്ലാഹുവിനെ പ്രാപിക്കുന്നില്ല. മറിച്ച്, അവനെ പ്രാപിക്കുന്നത് നിങ്ങളുടെ ഭക്തിയാകുന്നു' (*അൽ ഹജ്ജ്:* 37).

അല്ലാഹുവിന്റെ തന്നെ വിധിയാലുണ്ടാവുന്ന ദുരിതങ്ങളാൽ സൽക്കർമങ്ങൾ നിർവഹിക്കാനാത്ത അവസ്ഥയിലും, നേരത്തേ ചെയ്തുകൊണ്ടിരുന്നവയുടെ പ്രതിഫലം അല്ലാഹു രേഖപ്പെടുത്തിക്കൊണ്ടേയിരിക്കും. ഒരാൾക്ക് അല്ലാഹുവിനെ അനുസരിക്കാനുള്ള ത്വരയും ആഗ്രഹവും എത്രയുണ്ടോ അതിനനുസരിച്ചാണ് അയാളുടെ പ്രതിഫലം കണക്കാക്കുക.

ഒരിക്കൽ തിരുമേനി ഇക്കാര്യം ഒരു ചിത്രീകരണത്തിലൂടെ വ്യക്തമാക്കുകയുണ്ടായി. അബൂകബ്ശ അൽ അന്നമാറി (റ) പറഞ്ഞു: അല്ലാഹുവിന്റെ റസൂൽ (സ) ഇപ്രകാരം അരുളുന്നത് ഞാൻ കേട്ടു: 'ഈ ലോകത്ത് നാല് വിഭാഗം ആളുകളുണ്ട്. സമ്പത്തും അറിവും നൽകപ്പെട്ടവനാണ് ഒന്നാമത്തെവൻ. അവനതിൽ അല്ലാഹുവിനെ സൂക്ഷിക്കുന്നു, കുടുംബ ബന്ധം ചേർക്കുന്നു. അല്ലാഹുവിന്റെ അവകാശങ്ങളെക്കുറിച്ച് അവന് ഉത്തമ ബോധ്യവുമുണ്ട്. ഇവനാണ് ഏറ്റവും മഹത്തായ പദവിയിലുള്ളത്. അറിവ് നൽകപ്പെട്ടിട്ടുണ്ടെങ്കിലും സമ്പത്ത് നൽകപ്പെടാത്തവനാണ് രണ്ടാമത്തെയാൾ. പക്ഷേ, ഇവൻ സദുദ്ദേശ്യമുള്ളവനാണ്. അവൻ പറയുന്നു; 'എനിക്ക് സമ്പത്ത് നൽകപ്പെടുകയാണെങ്കിൽ ഞാൻ ഒന്നാമൻ ചെയ്യുന്നതു പോലെ ദാനധർമങ്ങൾ ചെയ്യുമായിരുന്നു.' അയാൾക്ക് തന്റെ നിയ്യത്തിനനുസരിച്ച് പ്രതിഫലം ലഭിക്കും. ഇവർക്ക് രണ്ടു പേർക്കും ലഭിക്കുന്ന പ്രതിഫലങ്ങൾ തുല്യമായിരിക്കും. സമ്പത്ത് നൽകിയിട്ടുണ്ടെങ്കിലും അറിവ് നൽകപ്പെടാത്തവനാണ് മൂന്നാമത്തെയാൾ. തന്റെ റബ്ബിനെ വകവെക്കാതെ, വിവേകമില്ലാതെ തന്റെ സമ്പത്ത് അവൻ കൈകാര്യം ചെയ്യുന്നു. കുടുംബ ബന്ധം ചേർക്കുകയോ അല്ലാഹുവിന്റെ അവകാശങ്ങളെ കുറിച്ച് ബോധവാനാകുകയോ ചെയ്യുന്നില്ല. ഇവൻ ഏറ്റവും അധമസ്ഥാനത്താണുള്ളത്. സമ്പത്തും അറിവും നൽകപ്പെടാത്തവനാണ് നാലാമൻ. പക്ഷേ, തനിക്ക് സമ്പത്ത് ലഭിക്കുകയാണെങ്കിൽ മൂന്നാമനെപ്പോലെ തന്നിഷ്ടപ്രകാരം കൈകാര്യം ചെയ്യണം എന്നവൻ വിചാരിക്കുന്നു. അവന് ലഭിക്കുക തന്റെ ഹീന ഉദ്ദേശ്യത്തിനുള്ളതാണ്. ഇരുവർക്കും ലഭിക്കുന്ന ശിക്ഷ ഒരു പോലെയായിരിക്കും' (അഹ്മദ്, തിർമിദി).

ഇവിടെ കർമമല്ല, ഉദ്ദേശ്യശുദ്ധിയും നിഷ്കളങ്കതയുമാണ് അല്ലാഹു പരിഗണിക്കുക എന്ന് റസൂൽ (സ) പഠിപ്പിക്കുന്നു.

ഒരു നന്മ പ്രവർത്തിക്കാനുദ്ദേശിച്ച് പിന്നീട് വല്ല പ്രതിസന്ധിയും നേരിട്ട് അത് ചെയ്യാനാവാത്തവന് ആ നന്മയുടെ പ്രതിഫലം പൂർണമായി നൽകപ്പെടുമെന്നും പ്രവാചകൻ (സ) വാഗ്ദാനം നൽകിയിട്ടുണ്ട്.

അബൂഹുറൈറ (റ) യിൽനിന്ന്. അല്ലാഹുവിന്റെ റസൂൽ പറഞ്ഞു: 'ഒരാൾ നന്നായി വുദൂവെടുത്ത് നമസ്കാരത്തിനായി പുറപ്പെട്ടു. പക്ഷേ, അയാളവിടെ എത്തിയപ്പോഴേക്കും ജനങ്ങൾ നമസ്കാരം നിർവഹിച്ചു കഴിഞ്ഞിരുന്നു. എങ്കിലും മഹാനും പ്രതാപവാനുമായ അല്ലാഹു, അവിടെ ഹാജരായി നമസ്കാരം നിർവഹിച്ചവരുടെ അതേ പ്രതിഫലം അവനും നൽകും. ഇത് അവരുടെ പ്രതിഫലം കുറക്കുകയുമില്ല' (അബൂദാവൂദ്).

സാഹചര്യം പ്രതികൂലമായതിനാൽ നിർവഹിക്കാനാവാതെ പോകുന്ന പുണ്യകർമങ്ങൾക്കുള്ള പ്രതിഫലം ഒരിക്കലും നഷ്ടപ്പെടുകയില്ല എന്നതാണ് ഇസ്‌ലാമികാധ്യാപനം. ●